സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കി.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബിൽ ചർച്ചയ്ക്ക് എടുക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിനകത്ത് കാര്യമായിട്ട് ഒന്നും ഇല്ല. പഴയ മുനിസിപ്പൽ ആക്ടിൽ 8–ാം വകുപ്പിലുണ്ടായിരുന്ന ഒരു പ്രൊവിസോ ഭേദഗതി ചെയ്തു. അതായത് ഒരു മുനിസിപ്പാലിറ്റിയുടെ കൗൺസിലിന്റെ കാലാവധി കഴിയുന്നു എങ്കിൽ ഒന്നുകിൽ കാലാവധി എക്സ്റ്റെൻഡ് ചെയ്യാം, അല്ലെങ്കിൽ കൗൺസിലിന് ഒരു സ്പെഷ്യൽ ഓഫീസറെ അപ്പോയിന്റ് ചെയ്യാം എന്ന രണ്ട് വകുപ്പുകളും ഉണ്ടായിരുന്നു. അതിൽ കാലാവധി നീട്ടാം എന്നുള്ള വകുപ്പ് ഡെലീറ്റ് ചെയ്യുക എന്നുള്ളതാണ് മുനിസിപ്പൽ ആക്ടിലെ 8–ാമത്തെ വകുപ്പിലെ ഒരു പ്രൊവിസോ ഭേദഗതിമൂലം ഉദ്ദേശിക്കുന്നത്. കാലാവധി നീട്ടേണ്ട. കാലാവധി നീട്ടേണ്ടെന്നു വച്ചപ്പോൾ അധികാരം മുഴുവൻ ഗവൺമെന്റിലേക്ക് വെസ്റ്റ് ചെയ്തു. അങ്ങനെ ഗവൺമെന്റിലേക്ക് അധികാരം സെവ്റ് ചെയ്യുന്നതിനുള്ള ഒരു സ്പെഷ്യൽ ക്ലാസും കാലാവധി നീട്ടേണ്ടെന്നുള്ള ഒരു പ്രത്യേക ക്ലാസും, ഇത് രണ്ടുംകൂടി ഒരു ഓർഡിനൻസായി കൊണ്ടുവന്നു. ആ ഓർഡിനൻസ് റീപ്ലെയ്സിംഗ് ആണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്: അതായത്, കേരളത്തിലെ 31 മുനിസിപ്പാലിറ്റികളുടെ തിരഞ്ഞെടുക്കപ്പെട്ട കാലാവധി കഴിഞ്ഞത് 30–9–1984–ലാണ്. അപ്പോൾ 30–9–1984–ൽ 31 മുനിസിപ്പാലിറ്റികളുടെ കാലാവധി കഴിഞ്ഞപ്പോൾ കൗൺസിലിന്റെ കാലാവധി നീട്ടിക്കൊടുത്തില്ല. അവരുടെ അധികാരങ്ങൾ ഗവൺമെന്റിലേക്ക് നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഒരു ഓർഡിനൻസ് അന്ന് ഇഷ്യൂ ചെയ്യുകയുണ്ടായി. അതിന്റെ നിയമപരമായ റീപ്ലെയിസിംഗ് ആണ് ഈ ബിൽ. കൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ.സി. ജോസഫ്: സർ, ബഹുമാന്യനായ മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെ ചെറിയ ഒരു ഭേദഗതിയാണെങ്കിലും വളരെയേറെ അർത്ഥവ്യാപ്തി ഈ ഭേദഗതിക്കുണ്ട്. മൂല നിയമത്തിൽ മുനിസിപ്പാലിറ്റികളുടെ കാലാവധി കഴിയുന്ന അവസരത്തിൽ ആ കാലാവധി നീട്ടിക്കൊടുക്കാമെന്ന് ഉണ്ടായിരുന്ന വ്യവസ്ഥ എടുത്തു കളഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണ്. അങ്ങനെ കാലാവധി നീട്ടുന്നതിന് പകരമായി മുനിസിപ്പാലിറ്റികളുടെ അധികാരം ഗവൺമെൻറിൽ നിക്ഷിപ്തമാകുമെന്നാണ് ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പു അനിശ്ചിതമായി നീണ്ടുപോകുന്നത് വളരെയേറെ ദൗർഭാഗ്യകരമായ ഒരു കാര്യമാണ്. ഈ അധികാര വികേന്ദ്രീകരണം നടക്കുന്ന ഒരു കാലഘട്ടത്തിൽ ഒരു ജനാധിപത്യ ഭരണസംവിധാനത്തിൽ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഒക്കെ വളരെയേറെ ചുമതലകൾ നിർവ്വഹിക്കാനുണ്ട്. ഈ അവസരത്തിൽ ആ തരത്തിലുള്ള അധികാര വികേന്ദ്രീകരണങ്ങൾക്കുവേണ്ടിയുള്ള ശക്തമായ വാദഗതി എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്ന അവസരത്തിൽ മുനിസിപ്പാലിറ്റികൾ ഇല്ലാതാകുന്നത് വളരെയേറെ ദൗർഭാഗ്യകരമായ ഒന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായ നിരവധി സമരങ്ങളിലൂടെ ഇന്ന് അധികാര വികേന്ദ്രീകരണത്തിനു വേണ്ടി ശക്തമായ വാദം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ജില്ലാഭരണ ബില്ലിനെക്കുറിച്ച് വലിയ അഭിപ്രായം ഉയർന്നുവരുന്നുണ്ട്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ തീർച്ചയായിട്ടും മുനിസിപ്പാലിറ്റികൾ ഇല്ലാതെപോകുന്നത് ശരിയല്ല. ഏതായാലും ഈ ഭേദഗതി താൽക്കാലികമായ ഭരണ സകൗര്യങ്ങളിൽ ഒന്നാണ്. എങ്കിലും മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ എത്രയുംവേഗം നടത്തി നമ്മുടെ സംസ്ഥാനത്ത് ഇന്ന് മുനിസിപ്പൽ പഞ്ചായത്ത് മേഖലയിൽ ഉണ്ടായിട്ടുള്ള അനാഥാവസ്ഥ പരിഹരിക്കാൻ ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ഇന്ന് മാതൃഭൂമി പത്രത്തിൽ വാർത്തയുണ്ടായിരുന്നു. 'നഗരം നാറുന്നു, അധികാരികൾ ഉറങ്ങുന്നു' എന്ന്. ഈ മുനിസിപ്പൽ ജീവനക്കാരുടെ സമരം മൂലം ഇന്ന് കേരളത്തിൽ അങ്ങോളം ഇങ്ങോളം മുനിസിപ്പാലിറ്റികളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഞാൻ വായിക്കുന്നില്ല. മുനിസിപ്പാലിറ്റിയിലെ ജീവനക്കാരുടെ, പ്രത്യേകിച്ച് താഴേക്കിടയിലുള്ള ജീവനക്കാരുടെ സമരംമൂലം ഉള്ള ഗുരുതരാവസ്ഥ വളരെ ഗൗരവമായ പ്രശ്നമാണ്. ഇത് ശരിയായിരിക്കാം. ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് കൈകാര്യം ചെയ്യേണ്ട മുനിസിപ്പൽ ഭരണാധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അനാസ്ഥമൂലം നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങളുടെ ഉദാഹരണം മാത്രമാണിത്. ഏതായാലും, മുനിസിപ്പൽ ഭരണരംഗത്തുള്ള അനാഥാവസ്ഥ മാറ്റുവാൻ, ഈ പ്രശ്നം പരിഹരിക്കുവാൻ നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ശ്രദ്ധേയമായ കണ്ണിയായ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും തിരഞ്ഞെടുപ്പിൽ പ്രത്യേകമായ ഭരണസംവിധാനമുണ്ടാക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനമായ കാര്യം മുൻ നിയമത്തിൽ തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലിലെ അംഗങ്ങളുടെ കാലാവധി ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ നീട്ടിക്കൊടുക്കാൻ ഗവൺമെൻറിന് ഉണ്ടായിരുന്ന അധികാരം ഇല്ലായ്മ ചെയ്യുന്നു എന്നുള്ളതാണ്. അതിന്റെ ഫലമായി ഉണ്ടായ സാഹചര്യം നിർബന്ധിതമാക്കുന്നതാണ് രണ്ടാമത്തെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

ഇതിന്റെ ആദ്യത്തെ ഭേദഗതിയിൽ എട്ടാം വകുപ്പിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയിലെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നത് "provodid that the Govenment may; by notification in the Gazette from time to time extend the said term by such period not exeeding one year in the aggregate as may be specified in the notification"

സർ, ഇവിടെ ഗവൺമെന്റ് അന്ന് വലിയ ഒരു അവകാശവാദമെന്ന നിലയ്ക്ക് പറഞ്ഞത് തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിന്റെ കാലാവധി കഴിഞ്ഞാൽ അതു നീട്ടിക്കൊടുക്കുന്നത് ജനാധിപത്യവിരുദ്ധമാണ് എന്നാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് ആ കൗൺസിലുകൾ നീട്ടിക്കൊടുക്കുന്നതിനു സർക്കാരിനുള്ള ബാദ്ധ്യത നീട്ടിക്കൊടുക്കാതിരിക്കുന്നത് ഒഴിവാക്കുന്നതിനുപകരം ആ വ്യവസ്ഥതന്നെ നിയമത്തിൽനിന്ന് എടുത്തുമാറ്റിക്കൊണ്ട് കൗൺസിലിന്റെ കാലാവധി നീട്ടാൻ ഗവൺമെന്റിന് അധികാരമില്ലാത്ത അവസ്ഥ വന്നിരിക്കുന്നുവെന്ന ഒരു മുടന്തൻ ന്യായം പറഞ്ഞിട്ടാണ് അന്നു കാലാവധി നീട്ടാതെ ആ കൗൺസിലുകൾ പിരിച്ചുവിട്ടത്. ആദ്യത്തെ ഭേദഗതിയായ കാലാവധി നീട്ടാനുള്ള വകുപ്പ് എടുത്തുകളഞ്ഞത് സദുദ്ദേശപരമല്ല. കൗൺസിലുകളുടെ കാലാവധി നീട്ടാതിരിക്കാൻ കാരണം പറയാനില്ലാത്തതുകൊണ്ട് അങ്ങനെ നീട്ടാനുള്ള അവകാശംതന്നെ ഗവൺമെന്റിന് ഇല്ലാതായിരിക്കുന്നു എന്ന ന്യായം പറയാൻവേണ്ടി ആദ്യം ആ സെക്ഷൻ—4 ഉപേക്ഷിക്കുകയും എന്നിട്ട് ഗവൺമെന്റിന് നിയമപ്രകാരം നീട്ടാൻ അധികാരമില്ലാതായതുകൊണ്ട് സ്വാഭാവികമായും ഇത് പിരിഞ്ഞുപോയിരിക്കുകയാണ് എന്ന ന്യായം പറഞ്ഞ് ആ കൗൺസിലുകളൊക്കെ പിരിച്ചുവിടുകയുമാണു ചെയ്തത്. തിരഞ്ഞെടുക്കപ്പെട്ട ഒരു കൗൺസിലിനോട് ഇത്തരം ഒരു സമീപനം പാലിക്കുന്ന സർക്കാർ അന്നു പറഞ്ഞത് കാലാവധി കഴിഞ്ഞയുടനെ തിരഞ്ഞെടുപ്പു നടത്താൻ കഴിഞ്ഞില്ല എന്നാണ്. തിരഞ്ഞെടുപ്പ് നടത്തുന്നതിന് കഴിയാതിരുന്നതിനു പറഞ്ഞ കാരണങ്ങളും സാങ്കേതികമായി. തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളും നടത്താൻവേണ്ടി ലേശം കൂടി സമയം വേണ്ടിവന്നു എന്നാണ്. അങ്ങനെ പറഞ്ഞതു ശരിയായിരുന്നെങ്കിൽ ആദ്യത്തെ വർഷംതന്നെ ഉദ്യോഗസ്ഥൻമാരുടെ കൈയ്യിൽ അധികാരമേൽപ്പിച്ചുകൊടുക്കാൻ വരുത്തിയ ഈ ഓർഡിനൻസ് ആറു മാസക്കാലത്തേക്ക് നീട്ടിയപ്പോഴുതന്നെ ഈ തിരഞ്ഞെടുപ്പിനു ഒരുക്കങ്ങളും നടത്തിയിരുന്നുവെങ്കിൽ രണ്ടാമതൊരു കാലാവധി നീട്ടൽ കൊണ്ടുവന്ന് ഈ ഉദ്യോഗസ്ഥ ഭരണത്തിനു അധികാരം നൽകേണ്ടിവരുമായിരുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിന്റെ കാലാവധി നീട്ടാൻ വിസമ്മതിക്കുന്ന ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ അധികാരമേൽപ്പിച്ചിട്ട് ഇപ്പോൾ നാലാമത്തേയോ അഞ്ചാമത്തേയോ തവണയാണ് അവരുടെ കാലാവധി നീട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നത്. അപ്പോൾ കാലാവധി നീട്ടുകയെന്നുള്ളത് ഇപ്പോൾ നടന്നു. സർക്കാർ അതിന് അധികാരമെടുത്തിരിക്കുന്നു. അധികാരമില്ലാതാക്കിയത് തിരഞ്ഞെടുക്കപ്പെട്ട ആളുകളുടെ കാലാവധി നീട്ടുന്ന കാര്യത്തിൽ മാത്രമാണ്. നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ കാലാവധി എത്രകാലം നീട്ടുന്നതിനും ഗവൺമെന്റിന് വിരോധമില്ല. ഇതുരണ്ടും ഒരുമിച്ച് ആലോചിക്കുമ്പോൾ നമുക്കു കാണാൻ കഴിയുന്നത് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോടാണ് ഈ ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

അലർജിയുള്ളതെന്നാണ്. മുൻ ഗവൺമെൻറുകളുടെ കാലത്ത് ഇത്തരം അപൂർവ്വമായ ചില സന്ദർഭങ്ങളിൽ തിരഞ്ഞെടുപ്പുകൾ സമയത്ത് നടക്കാതെ വന്ന അനുഭവങ്ങളുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ ഇടയ്ക്ക് തിരഞ്ഞെടുപ്പ് കാലാവധി തീരുന്ന മുറയ്ക്ക് നടക്കാത്ത അനുഭവമുണ്ട്. തിരഞ്ഞെടുപ്പ് നടത്തുന്നതിന് ചിലപ്പോൾ സമയം ആവശ്യമായും വരും. അങ്ങനെ ആവശ്യമായി വന്നാൽ ആ ആവശ്യമായിട്ടുള്ളിടത്തോളം ഒരുക്കങ്ങൾ കഴിയുന്നതുവരെ, അതിനുമുമ്പ് തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങളുടെ കാലാവധി നീട്ടിവക്കാടുക്കുകയെന്നുള്ളതാണ് ഒരു ജനാധിപത്യ ഗവൺമെൻറിൻെറ ബാദ്ധ്യത. അത്തരം ഒരു ജനാധിപത്യ ബാദ്ധ്യത ഏറെടുക്കുന്നതിനു പകരം ആ ജനാധിപത്യ ബാദ്ധ്യത നിരാകരിച്ചുകൊണ്ട് അതിനെ പിരിച്ചുവിടാൻ വളഞ്ഞ വഴി ഉപയോഗിച്ചുകൊണ്ട് നിയമാദേഗതിയെന്ന വളഞ്ഞ മാർഗ്ഗമുപയോഗിച്ചുകൊണ്ട്, ആ നിയമംതന്നെ റദ്ദാക്കിക്കൊണ്ട് ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഈ ഭരണം മുഴുവൻ ഹോമിക്കാനുള്ള ശ്രമമാണ് ഈ സർക്കാർ ചെയ്യുന്നത്. ഭണ്ടുകാര്യം വ്യക്തമാകുന്നുണ്ട്. ഒന്നാമത്തേത് ഈ ഭരണത്തിൽ ഭവിഹിതമായി ഇടപെടാൻ ഗവൺമെൻറിന് ഇങ്ങനെ തങ്ങളുടെ നിയന്ത്രണത്തിലും കീഴിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരെവച്ചു ഭരിച്ചാൽ കഴിയുന്നുവെന്നുള്ളതാണ്. രണ്ടാമത്തേത്, ഒരു തിരഞ്ഞെടുപ്പു നടത്തിയാൽ ജനങ്ങളുടെ വിധി വീണ്ടും നേടുന്ന ഒരു ബുദ്ധിമുട്ട് ഒഴിവാക്കിയെടുക്കുകയെന്നുള്ളതാണ്. ഇവിടെ അഞ്ചും ആറും മുനിസിപ്പാലിറ്റികളുടെ ഭരണം ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥനെ ഏൽപ്പിച്ചിരിക്കുന്നു. ആ ഉദ്യോഗസ്ഥനാകട്ടെ ആർ. ഡി. ഒ. യേയോ ഡെപ്യൂട്ടി കളക്ടറേയോ പോലുള്ള ആളുകളും, അവരുടെ സാധാരണ മട്ടിലുള്ള ജോലിക്കും പുറമേ ഈ മുനിസിപ്പാലിറ്റികളുടെ ജോലിയുംകൂടി ഏറെറടുത്ത് നടത്തേണ്ടിവരുന്നതുകൊണ്ട് അതിനൊന്നും ശ്രദ്ധിക്കാൻ സാധിക്കുന്നില്ലെന്നുള്ള കാര്യം ഉണ്ട്. അതിൻെറ ഫലമായിട്ട് അവിടത്തെ ഭരണം മുനിസിപ്പാലിറ്റികളിലെ ഒരുപിടി ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ ഒതുങ്ങുന്നു. അവരുടെ കയ്യിലൊതുങ്ങുന്ന ഭരണമാകട്ടെ, ഒരുപിടി അഴിമതിക്കും ദുർവിനിയോഗങ്ങൾക്കും ധാരാളമായി വഴിയൊരുക്കുന്നു. അതിൻെറ ഫലമായി മുനിസിപ്പാലിറ്റികളുടെ സൗകര്യങ്ങളും മുഴുവനും നഷ്ടപ്പെടുന്നുവെന്നു മാത്രമല്ല, അങ്ങേയറ്റം എല്ലാ കാര്യത്തിലും ഭയങ്കരമായ അഴിമതി നടക്കുന്നു. അതാണ് അതിൻെറ ഒരു വശം. ആ സംവിധാനം.....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഈ ഗവൺമെൻറിന് ജനാധിപത്യ സംവിധാനത്തോടാകെ അലർജിയുള്ള ഗവൺമെൻറായതുകൊണ്ട് ബ്ലോക്ക് ഡെവലപ്പ്മെൻറ് കമ്മിറ്റികളും പിരിച്ചു വിട്ടിട്ട് അത് പുനഃസംഘടിപ്പിച്ചില്ല. ഇപ്പോൾ അവസാനമായി ആർ. ടി. എ. എന്നു പറയുന്ന സ്ഥാപനത്തിലുണ്ടായിരുന്ന അവരുടെതന്നെ കക്ഷിക്കാരായ അവിടെയുള്ള അനുദ്യോഗികാംഗങ്ങളെ പിരിച്ചുവിട്ടു. അങ്ങനെ സകലതരത്തിലും തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളെയൊക്കെ ചെറുക്കുന്നതിൻെറ ഒരു ഭാഗമല്ലേ ഇത്?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഈ ഗവൺമെൻറിന് തിരഞ്ഞെടുപ്പിനോടുതന്നെയല്ല, ജനങ്ങളോടുതന്നെ അലർജിയാണ്. ജനങ്ങളുടെ അഭിപ്രായമാരായുന്ന ഒരു സംവിധാനവുമായി പൊരുത്ത

LIBRARY ARCHIVES Kerala Legislative Assembly

പ്പെടാൻ ഈ സർക്കാരിനു കഴിയുന്നില്ല. പഞ്ചായത്തുകളുടെ കാര്യത്തിലായാലും മുനിസിപ്പാലിറ്റികളുടെ കാര്യത്തിലായാലും ബി. ഡി. സി. കളുടെ കാര്യത്തിലായാലും കോർപ്പറേഷന്റെ കാര്യത്തിലായാലും ഗവൺമെന്റിന്റെ നയം ഒന്നുതന്നെയാണ്. തിരഞ്ഞെടുപ്പ് എത്രകാലം നീട്ടിക്കൊണ്ടുപോകാൻ കഴിയുമോ അത്രയുംകാലം നീട്ടിക്കൊണ്ടു പോകുകതന്നെയാണ് ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രി. അവരുടെ നയവും അതുതന്നെയാണു സർ. നേരത്തെ ഈ ഗവൺമെന്റ് ചില ന്യായങ്ങൾ പറഞ്ഞിട്ടുണ്ട്. മുൻ ഗവൺമെന്റുകളുടെ കാലത്തും ഇത്തരം പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോയിട്ടുണ്ട്. അടുത്ത തിരഞ്ഞെടുപ്പുവരെ അതിനു മുമ്പ് ജനങ്ങൾ നൽകിയ വിധിയെ അംഗീകരിച്ചുകൊണ്ട് അവരുടെ അഭിപ്രായമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് അവിടെ അതിന്റെ ഭരണം നടത്താൻ അധികാരം കൊടുത്തിട്ടുണ്ട്. അതു നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. ഈ തിരഞ്ഞെടുപ്പ് നടത്തും നടത്തുമെന്ന് എത്രതവണയാണ് പറഞ്ഞത്. ഓരോ നിയമസഭാസമ്മേളനം കൂടുമ്പോഴും ഇവിടെ ഞങ്ങളിൽ പലരും ഈ തിരഞ്ഞെടുപ്പ് ഉടൻ നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്; ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി ഈ രാജ്യത്ത് സമരം നടന്നിട്ടുണ്ട്. സമരങ്ങൾ നടക്കുമ്പോൾ അത് അസംബ്ലിയിൽ ഉന്നയിക്കുമ്പോഴൊക്കെ കഴിയുന്നിടത്തോളം വേഗം ഉടനെ തിരഞ്ഞെടുപ്പ് നടത്തുമെന്ന് ഒരു മറുപടി പറയുകയല്ലാതെ തിരഞ്ഞെടുപ്പ് നടത്താൻ ഈ സർക്കാരിന് ഇതുവരെ ധൈര്യമുണ്ടായിട്ടില്ല. ബഹുമാന്യനായ മന്ത്രി ഇതിനുമുമ്പത്തെ നിയമസഭാസമ്മേളനത്തിൽ പറഞ്ഞത് മാർച്ചിനുശേഷം പുതിയ ഗവൺമെന്റ് വന്നിട്ട് തിരഞ്ഞെടുപ്പ് നടത്തട്ടേ എന്നാണ്. അതിന്റെ അർത്ഥം ഈ ഗവൺമെന്റ് പോകുന്നതുവരെ തിരഞ്ഞെടുപ്പ് നടത്തുകയില്ലെന്നാണ്. അതിൽനിന്നു മനസ്സിലാക്കേണ്ടതു ഈ ഗവൺമെന്റിനു പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള ജനങ്ങളുടെ വിധിയെ, ജനങ്ങളുടെ അഭിപ്രായത്തെ നേരിടാൻ ധൈര്യമില്ലെന്നുള്ളതാണ്. ജനങ്ങളെ ഇതുപോലെ ഭയപ്പെടുന്ന ഒരു സർക്കാർ ഈ രാജ്യത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇന്നു കാലത്ത് പ്രസംഗിച്ച പലരും, ഇവരുടെ ഗവൺമെന്റ് പോകുന്നതിനുമുമ്പ് വമ്പിച്ച ജനസ്വാധീനമുണ്ടാക്കിയിരിക്കുന്നുവെന്നും ഈ രാജ്യത്തെ ആളുകൾ മുഴുവനും അവരെ സ്വാഗതം ചെയ്യാൻ നിൽക്കുന്നുവെന്നും പറഞ്ഞു. ഈ നിയമസഭയിൽ പ്രതിപക്ഷത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ടുവന്ന ആളുകളിൽ പലരും കൂറുമാറി അവരുടെ കൂടെയിരിക്കുന്നുവെന്നും അങ്ങനെ ഈ ആളുകളെല്ലാം കൂറുമാറിയതുകൊണ്ട് അവർക്കിപ്പോൾ വമ്പിച്ച ഭൂരിപക്ഷമുണ്ടായിരിക്കുന്നുവെന്നുമൊക്കെ വീമ്പിളക്കിയല്ലോ. അങ്ങനെയാണെങ്കിൽ ഇവർക്ക് ജനങ്ങളുടെ പിന്തുണയുണ്ടെന്ന് ധൈര്യമുണ്ടെങ്കിൽ എന്തുകൊണ്ട് ഇതുവരെ മുനിസിപ്പൽ, പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തുന്നില്ലെന്ന് ഞാൻ ചോദിക്കുകയാണ്? അപ്പോൾ അവർക്കറിയാം ജനങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നാൽ പൊള്ളയായ ഈ അവകാശവാദം—ജനങ്ങൾ തങ്ങളുടെ കൂടെയുണ്ടെന്ന അവകാശവാദം—പൊളിയും. ഒരു പൊതുതിരഞ്ഞെടുപ്പ് വരാനിരിക്കുന്ന ഘട്ടത്തിൽ അങ്ങനെ തങ്ങളുടെ അവകാശവാദം മുനിസിപ്പൽ, പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തുന്നതിലൂടെ ജനങ്ങൾ തങ്ങൾക്ക് എതിരാണെന്ന് ഒരു വിധി വരുന്നത് പൊതുതിരഞ്ഞെടുപ്പിനെ ബാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമെന്ന ഭയം ഉണ്ട്. അല്ലെങ്കിൽ ഇത് അനിശ്ചിതമായി യാതൊരു കാരണവശാലും നീട്ടിക്കൊണ്ടുപോകരുത്. അതുകൊണ്ട് ഈ ജനാധിപത്യവിരുദ്ധമായി ജനങ്ങളെ യേപ്പെടുന്ന, ജനങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ അവരുടെ പ്രതിനിധികൾക്ക് ഭരിക്കാനുള്ള അവകാശം മനഃപ്പൂർവ്വം നിഷേധിക്കുന്ന ഈ നടപടിയെ ശക്തിയായി എതിർക്കാതിരിക്കാൻ നിവർത്തിയില്ല. ഉദ്യോഗസ്ഥൻമാരുടെ ഭരണം ഞാൻ നേരത്തേ പറഞ്ഞതുപോലെ ജനങ്ങളുടെ ഭരണമാവില്ല. ഏറ്റവും നല്ല ഉദ്യോഗസ്ഥന്റെ ഭരണംപോലും ഏറ്റവും മോശമാണ്. അത് ജനപ്രതിനിധികളുടെ ഭരണത്തേക്കാൾ മോശമാണെന്ന് എന്നും അംഗീകരിച്ച ഒരു കാര്യമാണു സർ. എത്ര മോശമായാലും ശരി ജനപ്രതിനിധികളുടെ ഭരണം വരണം. തിരഞ്ഞെടുപ്പു നടത്തട്ടെ. കോൺഗ്രസ് (ഐ) ക്കാർക്ക് ഭൂരിപക്ഷം കിട്ടുമെങ്കിൽ അവർ ഭരിക്കട്ടെ. ഭരണകക്ഷിക്കാർക്ക് ഭൂരിപക്ഷം കിട്ടുമെങ്കിൽ അവർ ഭരിക്കട്ടെ. പക്ഷെ എന്തുകൊണ്ട് അതിനു ധൈര്യം വരുന്നില്ല? ഈ മുനിസിപ്പാലിറ്റികളും പിരിച്ചുവിടുന്നതിനു പ്രധാനമായ കാരണം മറ്റൊന്നുമായിരുന്നില്ല. ഭൂരിപക്ഷം മുനിസിപ്പാലിറ്റികളുടേയും നേതൃത്വം, അതിന്റെ കൗൺസിലുകളിൽ ഭൂരിപക്ഷവും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഘടകപാർട്ടികൾക്കായിരുന്നു. അപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഭൂരിപക്ഷമുണ്ടായിരുന്ന മുനിസിപ്പാലിറ്റികൾ തുടരാനനുവദിച്ചാൽ തങ്ങളുടെ രാഷ്ട്രീയമായ സ്വാധീനം അതിലൂടെ ചെലുത്താൻ കഴിയില്ലെന്ന ബോദ്ധ്യംകൊണ്ട് രാഷ്ട്രീയ പ്രതികാരത്തിനുവേണ്ടി രാഷ്ട്രീയ ദുരുദ്ദേശം വച്ചുകൊണ്ടാണ് ആ മുനിസിപ്പൽ കൗൺസിലുകൾ പിരിച്ചുവിട്ടത്. എന്നാൽ പിരിച്ചു വിട്ടതിനുശേഷം വീണ്ടും ജനങ്ങളെ അഭിമുഖീകരിക്കേണ്ട ധൈര്യവുമില്ല. അങ്ങനെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്തതുകൊണ്ടാണ് ഈ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുന്നത്. ഞാൻ ഇപ്പോഴും അതിനെ ഒെല്ലുവിളിക്കുകയാണ്. ഈ ഗവൺമെൻറിന് വമ്പിച്ച ഭൂരിപക്ഷമുണ്ടെന്നു പറയുന്നുണ്ടല്ലോ? അങ്ങനെയാണെങ്കിൽ ഈ പൊതുതിരഞ്ഞെടുപ്പിനു മുമ്പ് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഇലക്ഷൻ നടത്താൻ ധൈര്യമുണ്ടോ? അതു രണ്ടും ഒരുമിച്ചു നടത്താമെന്ന് നേരത്തേ ഇവിടെ പറഞ്ഞു. അതു രണ്ടും നടത്തി ആദ്യം ബോദ്ധ്യപ്പെടുത്തട്ടെ. അതല്ലാതെ വേറുതേ വീമ്പു പറഞ്ഞിട്ട് ആർക്കു ഭൂരിപക്ഷം കിട്ടുന്നുവോ അവർ തീരുമാനിക്കട്ടെ എന്നുപറഞ്ഞ് അനിശ്ചിതമായി വീണ്ടും തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാനുള്ള ശ്രമാണ് നടക്കുന്നത്. സർ, അതുകൊണ്ട് ഞാൻ ഭേദഗതികളെ എതിർക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ: സർ, ഈ നിയമം ഈ ഗവൺമെൻറ് തിരഞ്ഞെടുപ്പ് നീട്ടാൻ വേണ്ടി കൊണ്ടുവന്ന ഒരു നിയമം അല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ നേരത്തേ പറഞ്ഞു. തിരഞ്ഞെടുക്കപ്പെടുന്ന മുനിസിപ്പൽ കോർപ്പറേഷൻ സമിതികൾ അതിന്റെ കാലാവധി കഴിയുന്നതിനുമുൻപ് പുതിയ തിരഞ്ഞെടുപ്പ് നടത്തുകയെന്നുള്ള ബാദ്ധ്യത മുനിസിപ്പാലിറ്റിയുടേതല്ല. അത് ഗവൺമെൻറിന്റേതാണ്. അത് മുൻകൂട്ടി അറിയാവുന്ന ഒരു കാര്യം കൂടിയാണ്. പെട്ടെന്ന് സംഭവിക്കുന്ന, ആകസ്മികമായ, സംഭവങ്ങളൊന്നുമല്ല തിരഞ്ഞെടുപ്പ് വരുന്നത്, ഇവിടെ വിശേഷിച്ചും വന്നിട്ടുള്ളത് അഞ്ചു വർഷമേയം പാസ്സാക്കുകയും ഒരു കൗൺസിലിന് നിലനിൽക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാതെ വരുകയും ചെയ്ത സാഹചര്യത്തിൽ പോലുമല്ല ഇന്ന് ഈ ഗവൺമെൻറ് 5 കൊല്ലം ഭരണം പൂർത്തിയാക്കിയെന്ന് അഭിമാനം കൊള്ളുകയാണ്. ഈ അഞ്ചു കൊല്ലക്കാലത്തിനുള്ളിൽ സ്വാഭാവികമായും, നിയമമനുസരിച്ച് ചെയ്തു തീർക്കേണ്ടതായിട്ടുള്ള ബാദ്ധ്യതകൾ ചെയ്തു തീർക്കാൻ പരാജയപ്പെട്ടതിൻെറ ഒരു നല്ല ഉദാഹരണമാണ് ഈ നിയമം കൊണ്ടുവരാനിടയാക്കിയിട്ടുള്ളത്. സാധാരണ ഇതിനുമുൻപ് പലപ്പോഴും നിയമസഭകളുടെ അല്ലെങ്കിൽ ഇതുപോലുള്ള സമിതികളുടെ കാലാവധി തീരുകയാണെന്നുണ്ടെങ്കിൽ അതിന് സാധാരണ ചെയ്യാറുള്ള ഒരു കീഴ്വഴക്കം, അതായത് തിരഞ്ഞെടുക്കപ്പെട്ട സമിതികൾ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ എന്നുള്ള നിലയ്ക്ക് നിലനിൽക്കേണ്ടതാവശ്യമാണെന്നുള്ള ഒരു തത്വം അംഗീകരിച്ചു കൊണ്ട് തിരഞ്ഞെടുപ്പിന് വരാവുന്ന കാലതാമസം ഉണ്ടായാലും ആ കാലതാമസത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള സമിതികളുടെ കാലാവധി നീട്ടിക്കൊടുക്കലായിരുന്നു. ഈ ഗവൺമെൻറിൻെറ രാഷ്ട്രീയ താൽപ്പര്യമില്ലാത്തവരാണ്, അവരുടെ മുന്നണി രാഷ്ട്രീയത്തോട് ബന്ധമില്ലാത്തവരാണ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ വന്നിട്ടുള്ളതെന്ന ഒരൊറ്റ കാരണം കൊണ്ട് അത്തരം സമിതികളുടെയെല്ലാം കാലാവധി നീട്ടിക്കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും സമിതികളുടെ ഭരണം ഗവൺമെൻറും ഇന്നത്തെ മന്ത്രിമാർ ഓരോരുത്തരും അവരുടെ കൈവശം വയ്ക്കാൻ തീരുമാനിക്കുകയുമാണുണ്ടായത്.

കേരള ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ജനപ്രതിനിധികളും പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങളിലുള്ള പലരും കേസ്സ് കൊടുത്തു. കേരള ഹൈക്കോടതി അതിൻെറ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചു. അത് നീട്ടിക്കൊടുക്കാൻ തീരുമാനിച്ചപ്പോൾ നീട്ടിക്കൊടുക്കാനാവശ്യമുള്ള ഒരു enabling proviso ഈ നിയമത്തിൽ ഉണ്ടെന്നുള്ളതു വച്ചുകൊണ്ടാണ് ഹൈക്കോടതി അങ്ങനെയൊരു തീരുമാനം എടുത്തത്. എന്നാൽ ഹൈക്കോടതിയുടെ ആ വിധിയെ മറികടക്കാൻവേണ്ടി നിയമത്തിലുള്ള കാലാവധി നീട്ടിക്കൊടുക്കാമെന്നുള്ള വകുപ്പ് റദ്ദാക്കാൻ വേണ്ടിയാണ് ഇപ്പോൾ ഈ ഓർഡിനൻസ് കൊണ്ടുവരാനിടയാക്കിയിട്ടുള്ളത്. അതാണ് ഇപ്പോൾ നിയമമാക്കാൻ പോകുന്നത്. ഇനിയൊരിക്കലും ഇവിടെ ജനപ്രതിനിധികളുടെ ഭരണം വേണ്ടെന്ന് ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ലായെന്നുള്ളതിന് ഏറ്റവും നല്ല തെളിവാണ് ഈ കാലാവധിമാത്രയുമായിട്ടും തിരഞ്ഞെടുപ്പിന് വേണ്ടി എന്തെങ്കിലും ചെയ്തില്ല എന്നത്. ഇപ്പോൾ തിരഞ്ഞെടുപ്പ് 108 മാസത്തേയ്ക്ക് നീട്ടാനുള്ള ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. അത് അടുത്ത മാർച്ചുമാസത്തിൽ അവസാനിയ്ക്കും. എന്തായാലും ഇത് വീണ്ടും ഓർഡിനൻസിലൂടെയോ മറ്റോ നീട്ടിക്കൊണ്ട് പോകേണ്ട ഒരു അവസരമാണ് വരാൻ പോകുന്നത്. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിൻെറ രാഷ്ട്രീയമായ സമീപനമെന്താണെന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. ഇവിടെ ജനപ്രതിനിധികളുടെ ഭരണം ഇവർക്ക് താൽപ്പര്യമുള്ള കാര്യമല്ല. ഇതുപോലുള്ള ഒട്ടേറെ സംഭവങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. 1975-ൽ അലഹബാദ് ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഇലക്ഷൻ റദ്ദാക്കപ്പെട്ട സമയത്ത് പിന്നീട് അവർ പാർലമെൻറിൽ ഉണ്ടായിരുന്ന ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് പൂർവ്വകാലപ്രാബല്യ,

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടി അവരുടെ നിയമപരമായിട്ടുള്ള നിലനിൽപ്പ് നൽകാനുള്ള ശ്രമമാണ് നടത്തിയത്. ഇവിടെ ചെയ്തത് ഈ നിയമസഭയും ഇത്തരം തിരഞ്ഞെടുക്കപ്പെട്ട സമിതികൾക്ക് നിലനിൽപ്പ് ഇല്ലെന്നുള്ള ഒരവസ്ഥ ഉണ്ടാക്കുകയും മുഴുവൻ അധികാരവും ഗവൺമെൻറിൽ കേന്ദ്രീകരിക്കാൻ വേണ്ടിയിട്ടുള്ള ഏറ്റവും അപമാനകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഈ ഗവൺമെൻറ് ഇത്തരം ഒരു നിയമം കൊണ്ടുവന്ന് ഇവിടെ ചെയ്തിട്ടുള്ളത്. നമ്മുടെ സ്റ്റേറ്റിൽ 44—മുനിസിപ്പാലിറ്റികളും മൂന്ന് കോർപ്പറേഷനുകളും—ഈ രാജ്യത്തെ ജനസംഖ്യയുടെ 30% ആളുകൾ ജീവിക്കുന്നത് നഗര പ്രദേശങ്ങളിലാണ്, ഈ നഗരപ്രദേശങ്ങളിലൊന്നും തന്നെ ഇന്ന് ജനപ്രതിനിധികളില്ല. ജനപ്രതിനിധികൾ ഭരിക്കുന്ന സമിതികളില്ലായെന്നുള്ളത് പ്രത്യേകത. പ്രാദേശികസ്വയംഭരണമെന്ന നഗരസ്വയംഭരണമെന്ന് പറയുന്നത് സിവിക് അഡ്മിനിസ്ട്രേഷൻ എന്നു പറയുന്നത് അതിനെ സംബന്ധിച്ചൊക്കെ തന്നെയും ഇവിടെ സെക്രട്ടേറിയറ്റിലിരിക്കുന്ന കുറെ മന്ത്രിമാരുടേയും ഉദ്യോഗസ്ഥൻമാരുടേയും ഇഷ്ടാനുസരണം മാത്രം നടത്തണമെന്നുള്ള ഒരു തീരുമാനത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്. മഞ്ചേരിയിൽ ഒരൊറ്റ മുനിസിപ്പാലിറ്റിയിൽ മാത്രമേ ഇന്ന് തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുള്ളൂ. അത് ലീഗുകാരുള്ളതുകൊണ്ടാണ്. ആ കൗൺസിൽ പിരിച്ചു വിടാത്തതെന്നാണ് സീതിഹാജി പറയുന്നത്. എനിക്ക് അതിനെപ്പറ്റി കൂടുതലൊന്നും അറിയില്ല. സീതി ഹാജിയ്ക്കേ അതിനെക്കുറിച്ച് കൂടുതൽ അറിയാനാവൂ. എന്തായാലും ഇപ്പോൾ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തയ്യാറെടുപ്പിലല്ല. എന്തിനുവേണ്ടിയാണ് രാഷ്ട്രീയ കുരുക്ഷേത്രത്തെപ്പറ്റിയൊക്കെ വെല്ലുവിളികൾ നടത്തുന്നത്? വരാൻ പോകുന്ന തിരഞ്ഞെടുപ്പിനെപ്പറ്റി എന്താണ്.....

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുന്ന പ്രക്രിയ തുടങ്ങിവെച്ചതും അത് പ്രാവർത്തികമാക്കിയതും ഇടതുപക്ഷ സർക്കാർ ഭരിച്ചിരുന്ന സമയത്ത് ശ്രീ. ആർ. എസ്. ഉണ്ണി വകുപ്പുമന്ത്രിയായിരുന്ന സമയത്താണ്.. മലപ്പുറം ജില്ലയിൽ കാലാവധി കഴിഞ്ഞ് സ്പെഷ്യൽ ഓഫീസർമാർ ഭരിക്കുന്ന മുനിസിപ്പാലിറ്റികളിലേയ്ക്കും പഞ്ചായത്തുകളിലേയ്ക്കും തിരഞ്ഞെടുപ്പ് നടത്തണമെന്ന് ഞങ്ങളന്ന് ആവശ്യപ്പെട്ടപ്പോൾ അത് ഒരു പോളിസി മാറ്റർ ആണെന്ന് പറഞ്ഞ് നീട്ടിക്കൊണ്ടുപോയത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പത്മനാഭൻ: കഥയറിയാതെ ആട്ടം കാണുന്ന നിർഭാഗ്യകരമായ ഒരു അവസ്ഥയിലാണ് അങ്ങിപ്പോൾ, ചെന്നെത്തിയിരിക്കുന്നത്. ഇത് തിരഞ്ഞെടുപ്പ് നീട്ടിയിതിൻറെ പ്രശ്നമല്ല. ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയുടെ കാലാവധി നീട്ടാമെന്ന് പണ്ടു കാലത്ത് ഉണ്ടായിരുന്ന നിയമത്തിലെ ഒരു വകുപ്പ് എടുത്തുമാറ്റിയതാണ്. ഇപ്പോൾ ഏത് നിയമമാണ് ചർച്ച ചെയ്യുന്നതെന്നുള്ളതിനെക്കുറിച്ച് അങ്ങേയ്ക്ക് വല്ല വിവരവുമുണ്ടോ? എന്തിനെപ്പറ്റിയാണ് ഈ ചോദ്യമൊക്കെ ചോദിക്കുന്നത്? ഒരിക്കൽ കൂടി ആ നിയമമൊന്ന് എടുത്തുവായിച്ചു നോക്കണം. ഇൻഡ്യയിലുള്ള നിരവധി സംസ്ഥാനങ്ങളിലുള്ള മുനിസിപ്പാലിറ്റികളിൽ ഭരണം നടക്കുന്നതെങ്ങിനെയെന്ന് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിക്കുന്ന നിയമം എടുത്തു പരിശോധിച്ചാൽ, അവിടെയെല്ലാം കാണാവുന്ന , ഒരു സാധാരണ വകുപ്പാണ് ഇന്ന് ഇവിടെയുള്ളത്. ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരുന്നതാണ". കേരളത്തിൽ നിങ്ങളുടെ ഈ ജാതി-മത വർഗ്ഗീയ മുന്നണിയുടെ കൂട്ടുകെട്ടിന് കേരളത്തിലെ നഗരങ്ങളിലെ ജനങ്ങൾ പിൻതുണ തരുകയില്ലെന്നുള്ള ഒരൊറ്റ ഭയംകൊണ്ട് ഇൻഡ്യയിൽ എല്ലായിടത്തുമുള്ള നിയമത്തിന് കേരളത്തിൽ ഇന്നുവരെ ഉണ്ടായിരുന്ന എല്ലാ കീഴ്വഴക്കങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് നിലവിലുള്ള നിയമത്തിൽ ആ വകുപ്പ് റദ്ദാക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്.

സർ, ഈ ഗവൺമെന്റ് ഇവിടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച വെല്ലുവിളികളെപ്പറ്റി പറഞ്ഞു. ഞാനൊന്നു ചോദിക്കട്ടെ, ഈ സർക്കാർ നേരിട്ട് നടത്തേണ്ട ഏതെങ്കിലും തിരഞ്ഞെടുപ്പ് നിങ്ങൾ നടത്തിയിട്ടുണ്ടോ? നടത്തിയിട്ടില്ല മാത്രമല്ല ഇനി നടത്തുകയുമില്ല. പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറായോ? ഇപ്പോൾ വരാൻ പോകുന്ന അസംബ്ലി തിരഞ്ഞെടുപ്പിന്റെ സ്ഥിതി തന്നെ എന്താണ്? ഈ മുഖ്യമന്ത്രി മി. കരുണാകരനാണ് അസംബ്ലി തിരഞ്ഞെടുപ്പ് നടത്താൻ ഉത്തരവാദി എങ്കിൽ നടത്തുമോ? നടത്തുകയില്ല. ഇത് നമ്മുടെ ഭരണഘടനയിൽ ഉള്ളതാണ്. Representation of People's Act അനുസരിച്ചുള്ളതാണ് ഇലക്ഷൻ കമ്മീഷനും. ഒരു പരിധി വരേയേ അഞ്ചുകൊല്ലം വരെയേ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാൻ കഴിയൂ. ഇലക്ഷൻ നടത്താതെ ഒരൊറ്റ ദിവസം പോലും നിങ്ങൾക്ക് നിൽക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇപ്പോൾ അസംബ്ലി തിരഞ്ഞെടുപ്പ് വരുന്നത്. ഇലക്ഷൻ കമ്മീഷന്റെയും കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലുമാണ് പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നത്. അതുകൊണ്ടാണ് ഇവിടെ നിയമസഭയിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പ് നടന്നത്. അല്ലാതെ നിങ്ങളുടെ ആരുടേയും ഔദാര്യമൊന്നും കൊണ്ടല്ല. വരാൻ പോകുന്ന തിരഞ്ഞെടുപ്പും നിങ്ങളുടെ രാഷ്ട്രീയ പിൻബലത്തിന്റെ ശക്തികൊണ്ട്, ഊറ്റം കൊണ്ട്, നിങ്ങൾ തയ്യാറെടുത്ത് ചെയ്തതല്ല. അങ്ങനെ രാഷ്ട്രീയ മല്ലൻമാരായിട്ടൊന്നും വേഷം കെട്ടി നിൽക്കേണ്ട. നിങ്ങൾക്ക് അതിനുവേണ്ടിയുള്ള കഴിവില്ല. കഴിവുണ്ടെങ്കിൽ നിങ്ങൾ നടത്തേണ്ടത് മുനിസിപ്പാലിറ്റികളിലേയ്ക്കും പഞ്ചായത്തുകളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പാണ്. ചീഫ് ഇലക്ഷൻ ഓഫീസർ ഇവിടെയുണ്ട്. പഞ്ചായത്ത് തിരഞ്ഞെടുപ്പിനുള്ള ഉദ്യോഗസ്ഥൻമാരെ നിയമിച്ച് കുറേയാളുകൾക്ക് ശമ്പളം കൊടുത്തു. അവസാനം ഇപ്പോളെന്തായി? ഇലക്ഷൻ റോളുണ്ടോ? ഇല്ല. വാർഡ് ഡീ-ലിമിറ്റേഷൻ കഴിഞ്ഞപ്പോൾ മന്ത്രി തന്നെ പറയുന്നു പഞ്ചായത്തുകൾ ഒന്നുകൂടി വിജ്ഞാപനം ചെയ്യാൻ പോകുന്നുവെന്ന്. നിങ്ങൾ എന്താണ് ഇതെല്ലാം തീർക്കാൻ പോകുന്നത്? എന്ത് ഡീ-ലിമിറ്റേഷൻ? എന്ത് വിജ്ഞാപനം വന്നാലും നിലവിലുള്ള പഞ്ചായത്തുകളുടെ തിരഞ്ഞെടുപ്പ് നടത്താൻ ഒരു തടസ്സവും ഇല്ല. നിലവിലുള്ള നിയമപ്രകാരം നിങ്ങൾക്കുള്ള ഉത്തരവാദിത്വം നിങ്ങൾ നിറവേറ്റിയില്ല. അതുകൊണ്ട് തിരഞ്ഞെടുപ്പിനെയോ ജനങ്ങളേയോ നേരിടാനുള്ള രാഷ്ട്രീയമായിട്ടുള്ള കരുത്ത് നിങ്ങൾക്കുണ്ടെന്നുള്ള വീമ്പുപറച്ചിലുണ്ടല്ലോ അതെങ്കിലും ഒന്നവസാനിപ്പിക്കണം. ഈ കേരള സംസ്ഥാനത്തുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന സംഭവവികാസമായിത്തീർന്നിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി ശ്രീ. സുന്ദരമായിരുന്നു. അദ്ദേഹം ആ വകുപ്പ് കൈകാര്യം ചെയ്തു. അദ്ദേഹമാണെങ്കിൽ എന്തെങ്കിലും ചോദ്യങ്ങൾ തിരഞ്ഞെടുപ്പിനെക്കുറിച്ചു ചോദിച്ചാൽ എപ്പോൾ വേണമോ അപ്പോൾ തിരഞ്ഞെടുപ്പ് നടത്താൻ എപ്പോഴും റെഡിയായി ഞാൻ ഇപ്പോഴും ഇവിടെ ഇരിക്കുകയല്ലേ എന്നു പറയും. അപ്പോഴും ഇപ്പോഴുമെന്ന് പറഞ്ഞ് ഒരു ഉഴപ്പനായ രീതിയിലിരുന്ന ഒരു മനുഷ്യന്റെ കയ്യിൽനിന്നാണ് ശ്രീ. മാണി ഈ വകുപ്പ് ഏറെടുത്തിരിക്കുന്നത്. ഇപ്പോൾ എപ്പോളെങ്കിലും മുനിസിപ്പൽ തിരഞ്ഞെടുപ്പ് നടക്കുമോ മാണി സാറേ? പഞ്ചായത്തിൽ നടക്കുമെന്ന് എനിക്ക് യാതൊരു ഉറപ്പുമില്ല. കാരണം കരുണാകരന് പറയാൻ കൊള്ളാത്തത് പറയാൻ പറ്റുന്ന ഒരു നാക്കിനെ വാടകയ്ക്കെടുത്തിട്ടാണ് ഇപ്പോൾ പഞ്ചായത്ത് മന്ത്രിയായിട്ട് ഇരുത്തിയിരിക്കുന്നത്. ഇത്രയും കാലം അതാണ് ചെയ്തിട്ടുള്ളത്. ഇന്നിതാ ദേശീയ തലത്തിൽ ശദ്ധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ പ്രധാനമന്ത്രി പലതവണ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടത്താത്തതിനെക്കുറിച്ചുള്ള സ്ഥിതിവിശേഷത്തിലേയ്ക്ക് വിരൽചൂണ്ടിയിരിക്കുകയാണ്. അതിനെത്തുടർന്നുകൊണ്ട് ഇന്ന് ഇതുപോലുള്ള മുഖ്യമന്ത്രിമാരും ഇതുപോലുള്ള മുന്നണികളും ഭരിക്കുന്ന സ്ഥലത്ത് സാധാരണ ജനാധിപത്യ പ്രക്രിയ നടക്കുകയില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്ത്, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഭരണഘടനാ ഭേദഗതിയുംപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ വേണ്ടി അഖിലേന്ത്യാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ് എന്നാണ് അറിയുന്നത്. ആ രീതിയിലാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ ഭരണനേട്ടത്തെപ്പറ്റി കേന്ദ്രത്തിനു വരെ, കോൺഗ്രസ് ഗവൺമെന്റിനു വരെ സഹിക്കാൻ കഴിയാത്ത രീതിയിൽ അറയ്ക്കുന്ന രീതിയിൽ, രാജ്യത്ത് ഇല്ലാത്ത ഒരു പുതിയ സമ്പ്രദായമാണ് നിങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ എന്താണ് മുനിസിപ്പാലിറ്റികളിൽ നടക്കുന്നത്? ഒരുസ്ഥലത്ത് ജില്ലാ തലസ്ഥാനത്തുള്ള മുനിസിപ്പാലിറ്റിയാണെങ്കിൽ കളക്ടർ സ്പെഷ്യൽ ഓഫീസർ. മറ്റുസ്ഥലത്ത് ആർ. ഡി. ഒ. മാർ. അതുകഴിഞ്ഞ് അവിടത്തെ മുനിസിപ്പൽ കമ്മീഷണർമാരാണ് എന്നുണ്ടെങ്കിൽ, അവരിപ്പോൾ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ. കളക്ടർമാരാണെങ്കിൽ അവിടെ പോയിട്ട് കുറെ ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടിയിട്ട് കൗൺസിൽ എന്നുള്ള രീതിയിൽ ഒരു മോക്ക് അസംബ്ലി തന്നെ ഉണ്ടാക്കിയിരിക്കുന്നു. ഒരു തരം വിദൂഷകവേഷം. ഈ കളക്ടർമാരും കുറെ ഉദ്യോഗസ്ഥൻമാരും കൂടി കെട്ടുകയെന്നല്ലാതെകണ്ട് ഇതാണോ പ്രാദേശിക സ്വയംഭരണം? ഇങ്ങനെയാണോ സിവിക് ലൈഫ് മാനേജുമെന്റ് നടത്താൻ പോകുന്നത്?

സർ, സ്റ്റാൻറിംഗ് കമ്മിറ്റികൾക്ക് പകരം ഇപ്പോൾ കമ്മീഷണർമാരാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ നടക്കുന്നത് എന്താണ്? ഫയലുകൾ പിടിച്ചുവലിക്കുകയാണ്. 44 മുനിസിപ്പാലിറ്റികളിൽ 17 എണ്ണത്തിലും പ്രൊവിഷണൽ കമ്മീഷണർമാരാണ് ഇപ്പോഴുള്ളത്. എന്തുകൊണ്ടാണ്. ഈ പ്രൊവിഷണൽ കമ്മീഷണർ വരുന്നത്? ഈ 44 മുനിസിപ്പാലിറ്റികളിലും നിയമിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

അർഹതയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ശരിക്ക് നിയമിക്കേണ്ടത് ആരെയാണെന്ന് തീരുമാനിക്കാൻ കൂടി കഴിയാത്തവരല്ലേ, കൊള്ളരുതാത്തവരല്ലേ, ഇവിടെ ഭരണം നടത്തുന്നത്. 17 മുനിസിപ്പൽ കമ്മീഷണർമാർ ഇപ്പോഴും പ്രൊവിഷണലാണ്. ആർക്കുവേണ്ടിയാണ് പ്രൊവിഷണലായി അർഹതയില്ലാത്തവരെ നിയമിച്ചിരിക്കുന്നത്. അർഹതയുള്ളവരോട് എന്നാണ് നീതി പ്രവർത്തിക്കാൻ പോകുന്നത്? ഈ കാര്യങ്ങളെക്കുറിച്ച് ഒന്ന് മറുപടി പറഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആവശ്യപ്പെടുന്നു. മുനിസിപ്പൽ ഭരണത്തെ സംബന്ധിച്ചിടത്തോളം ഇന്നും യാതൊരു വിധത്തിലുള്ള നിയമപരമായിട്ടുള്ള ബാദ്ധ്യതകളും പോലും നിർവ്വഹിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. 44 നഗരസഭകളും 3 കോർപ്പറേഷനുകളും കൂടി സ്റ്റേറ്റിൽ ഒരു വർഷത്തേക്ക് 40 കോടിരൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്താറുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു കൊല്ലമായി സ്ഥിതി യെന്താണ്? കഴിഞ്ഞ രണ്ടു കൊല്ലമായിട്ട് ഈ 40 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? കഴിഞ്ഞ കൊല്ലവും അതിനുമുൻപുള്ള കൊല്ലങ്ങളിലും നടക്കുന്നുണ്ടോ? പല പണികളും നടക്കുന്നുണ്ടായിരിക്കും. കൊച്ചി നഗരത്തിലെ എം. ജി. റോഡിന്റെ വികസനം പി. ഡബ്ലിയു. ഡി. നടത്തേണ്ടത് മുനിസിപ്പാലിറ്റിയുടെ ചെലവിലാണ്. കോഴിക്കോട് നഗരസഭയിലെ സ്റ്റേഡിയം പണി നടക്കുന്നത് ഇപ്പോഴും മുനിസിപ്പാലിറ്റിയുടെ ഫണ്ട് ഉപയോഗിച്ചു കൊണ്ടാണ്. ഈ രീതിയിൽ മുനിസിപ്പൽ ഭരണത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ മേൽനോട്ടം വഹിക്കാനുള്ള മുനിസിപ്പൽ കൗൺസിലിന്റെ അഭാവം മുനിസിപ്പാലിറ്റികളുടെ പ്രവർത്തനത്തിന്റെ എല്ലാ രംഗത്തും ഇന്ന് പ്രതിഫലിച്ചുകൊണ്ടിരിക്കുകയാണ്.

നഗരാസൂത്രണത്തോടുള്ള സമീപനമെന്താണെന്ന് ഒന്ന് പരിശോധിച്ചുനോക്കാം. നഗരാസൂത്രണത്തിന്റെ പരിപാടികളുണ്ടാക്കിയിടത്ത് അതിന് ഓരോന്നിനും എക്സംഷൻ കൊടുത്തുകൊണ്ട് സ്ഥാപിതതാൽപ്പര്യക്കാർക്കുവേണ്ടി ഗവൺമെന്റ് ഇന്ന് ഉത്തരവ് പുറപ്പെടുവിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ സിവിക് ലൈഫ് മാനേജുമെന്റ് എന്ന ഏർപ്പാട് ഇല്ല. ഇവിടെ നഗരസംവിധാനമില്ല. ഇവിടെ സ്വയംഭരണമെന്തെന്നാൽ മന്ത്രിമാരുടെ സ്വയംഭരണമാണ്. മാണിസാർ നോക്കുകയാണ് ഇതൊക്കെ എവിടെയാണ് നടക്കുന്നതെന്ന്. ഒന്ന് പിന്തിരിഞ്ഞ് നോക്കിയാൽ മതി. പിന്നിലിരിക്കുന്ന ആളിനോട് ചോദിച്ചാൽ മതി. അങ്ങ് ഇപ്പോഴെ ഇവിടെ എത്തിയിട്ടുള്ളൂ. ഇത് ഇവിടെ കുറച്ചു കാലമായിട്ട് നടക്കാൻ തുടങ്ങിയതാണ്. കൗൺസിലുണ്ടായാൽ വളരെ ശല്യമാണ് എന്നുള്ളത് വളരെ വ്യക്തമാണ്. കൗൺസിലുണ്ടായാൽ ഈ കാര്യങ്ങളൊക്കെ പുറത്തുവരും. അതുകൊണ്ട് കൗൺസിലെല്ലാം അടിയന്തിരമായി പിരിച്ചുവിട്ടു. കൗൺസിൽ ഒരു വലിയ തടസ്സമായിട്ടാണ് തീർന്നിരിക്കുന്നത്.

നഗരപ്രദേശങ്ങളിലെ ലാൻഡ് അക്വിസിഷനെക്കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. നഗരപ്രദേശങ്ങളിലെ ലാൻഡ് അക്വിസിഷനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ഉത്തരവ് കൊടുത്ത് സ്റ്റേ ചെയ്യാത്ത ഏതെങ്കിലും ലാൻഡ് അക്വിസിഷൻ ഇന്ന് പ്രവർത്തനത്തിലുണ്ടോ? കൗൺസിൽ ഇല്ലാതായതിന്റെ ഗതികേട് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻവേണ്ടി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റ ലാൻഡ് അക്വിസിഷൻപോലും നിലവിലില്ല. എല്ലാം സ്റ്റേ ചെയ്തിരിക്കുകയാണ്. നമ്മുടെ നഗരങ്ങളിൽ എവിടെയെങ്കിലും പുറമ്പോക്ക് ഭൂമിയുണ്ടോ? മുഴുവൻ ഓരോരുത്തർക്ക് പതിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് പ്രാദേശിക സ്വയംഭരണത്തിന്റെ പോക്കാണ്. സിവിൽ ഭരണത്തിന്റെ പോക്കാണ്, മുനിസിപ്പൽ ഭരണത്തിന്റെ പോക്കാണ്. ഇതെല്ലാം ഈ സെക്രട്ടറിയേറ്റിൽനിന്ന് പ്രത്യേക ഉത്തരവുകൊടുത്തുകൊണ്ടാണ് ചെയ്യുന്നത്. അങ്ങനെ ആകപ്പാടെ മുനിസിപ്പൽ ഭരണത്തെ തകർത്തിരിക്കുകയാണ്. മുനിസിപ്പാലിറ്റിയുടെ വരുമാനത്തിന്റെ സ്ഥിതി എന്താണ്? അവർ ഉണ്ടാക്കിയ കെട്ടിടങ്ങൾ ലേലത്തിൽ കൊടുക്കുന്നത് ഒരു വലിയ വരുമാന മാർഗ്ഗമായിരുന്നു. ബഹുമാനപ്പെട്ട സുന്ദരം സ്വാമി പറയട്ടെ എത്ര കെട്ടിടങ്ങളുടെ ലേലത്തുകയാണ് നിങ്ങൾ പ്രത്യേകമായി അപേക്ഷ വാങ്ങിക്കൊണ്ട് കുറച്ചുകൊടുത്തിരിക്കുന്നത്. ലേലത്തിൽ പിടിച്ചവരുടെ ലേലത്തുക കുറച്ചു കൊടുക്കാനുള്ള സ്പെഷ്യൽ ഓർഡറുകൾ ഇറക്കുകയാണ്. ഇത്തരം കാര്യങ്ങൾ നടത്താൻ മുനിസിപ്പൽ കൗൺസിലുകളുണ്ടായാൽ പ്രയാസമാണ്. അതുപോലെതന്നെയാണ് ഇതിന്റെ വരുമാനം പുനർനിർണ്ണയം ചെയ്യുന്ന കാര്യത്തിൽ നിയമിക്കപ്പെട്ട കമ്മിറ്റികൾ. മന്ത്രിമാർ ജയിച്ചുവന്ന നിയോജകമണ്ഡലങ്ങളുൾപ്പെടുന്ന പല മുനിസിപ്പാലിറ്റികളിലും 5 കൊല്ലം കഴിഞ്ഞിട്ടും നികുതി റിവിഷനെ സംബന്ധിച്ചിടത്തോളമുള്ള യാതൊരു കാര്യവും ചെയ്തിട്ടില്ല. ഈ രീതിയിലാണ് മുനിസിപ്പൽ ഭരണമെന്ന് പറഞ്ഞാൽ ഇത് ആന കരിമ്പിൻ തോട്ടത്തിൽ കയറിയതുപോലെയുള്ള ഏർപ്പാടാണ്. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മുനിസിപ്പൽ കൗൺസിലുകൾ ഈ രീതിയിൽ നീട്ടിക്കൊടുക്കാനുള്ള വകുപ്പ് ഈ ബില്ലിൽ നീലനിറുത്തണം. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയാകുന്ന കാലത്തുമാത്രം വേണമെങ്കിൽ അത് മാറ്റിയാൽ മതി. ഇനി ഏതെങ്കിലും കാലത്ത് അത് പുതിയതായി കൊണ്ടുവരാൻ ഇടവയ്ക്കണ്ട. ഇൻഡ്യയിലുള്ള എല്ലാ മുനിസിപ്പൽ നിയമത്തിലുമുള്ള അതേ പ്രൊവിഷൻ നിലനിൽക്കണം. ബ്രിട്ടീഷുകാരന്റെ കാലത്തുണ്ടായിരുന്ന ഒരു നിയമമാണ് അത്. അന്നുണ്ടായിരുന്ന സാമാന്യ ജനാധിപത്യ സമ്പ്രദായം നിലനിറുത്താൻവേണ്ടിയുള്ള ഔദാര്യമെങ്കിലും കാണിക്കണം. അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ നിയമത്തെ എതിർക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ ഇതിനെ എതിർക്കുകയാണ്. 30-9-1984-ൽ 31 മുനിസിപ്പാലിറ്റികളുടെ കാലാവധി തീർന്നതിനെത്തുടർന്ന് തിരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത പ്രത്യേക സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളുടെ അധികാരം, അതിന്റെ കമ്മിറ്റികളുടെ അധികാരം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യുന്നതാണ് ഈ ഭേദഗതി. ആറാറു മാസം വീതം നീട്ടി ഇത് 30 മാസംവരെ എത്തിയിരിക്കുകയാണ്. ഇനിയും നീട്ടാൻ അങ്ങേയ്ക്ക് ഭാഗ്യമുണ്ടാകട്ടെയെന്ന് ആദ്യമായി ഞാൻ ആശംസിക്കുന്നു. ഈ നീട്ടലിന്റെ ഫലമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചു. സാധാരണഗതിയിൽ തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി അവസാനിച്ചു കഴിഞ്ഞാൽ ഒന്നുകിൽ തിരഞ്ഞെടുപ്പ് നടത്തണം. അല്ലെങ്കിൽ തിരഞ്ഞെടുപ്പ് നടക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള കൗൺസിലിനുതന്നെ അവരുടെ കാലാവധി നീട്ടിക്കൊടുക്കണം. അതിനുള്ള നിയമം നിലവിലുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് അവസാനിപ്പിച്ചിട്ട് ഗവൺമെൻറിലേക്ക് അധികാരമെല്ലാം നിക്ഷിപ്തമാക്കുകയും ഏതു കാലംവരെയും ഇത് നീട്ടിക്കൊണ്ടുപോകുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്യുകയാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ ആറു മാസം വീതം നീട്ടി നീട്ടി കൊണ്ടിരിന്നു. ഈ ബില്ലിൻെറ ഉദ്ദേശകാര്യങ്ങളുടെ വിവരണത്തിൽ തിരഞ്ഞെടുപ്പ് നീട്ടുന്നതിന് പ്രത്യേകിച്ച് കാരണമെന്താണെന്ന് പറയുന്നില്ല. എന്നാൽ തിരഞ്ഞെടുപ്പ് നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഭരണ പ്രതിസന്ധി ഒഴിവാക്കാൻവേണ്ടി വീണ്ടും ആറു മാസത്തേക്ക് കൂടി നീട്ടിയിരിക്കുന്നു എന്നാണ് പറയുന്നത്. തിരഞ്ഞെടുക്കപ്പെട്ട സഭ ഇല്ലാത്തതുകൊണ്ടും തിരഞ്ഞെടുക്കപ്പെട്ട സമിതിയില്ലാത്തതുകൊണ്ടും വികസന പ്രവർത്തനങ്ങളെക്കുറിച്ച് കാര്യമായി പ്ലാൻ ചെയ്യാൻ കഴിയാത്തതുകൊണ്ടും കഴിഞ്ഞ രണ്ട് വർഷത്തിലധികമായി കേരളത്തിലെ മുനിസിപ്പാലിറ്റികളുടെ വികസന പ്രവർത്തനങ്ങൾ പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പുറമെ അറിയപ്പെടുന്ന ഒരു ജനാധിപത്യ വിശ്വാസിയാണെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ അദ്ദേഹത്തിൻെറ അടുത്തകാലത്തെ ബന്ധങ്ങളുടെ ഫലമായി എന്തോ ചില പുതിയ രാഷ്ട്രീയ മാറ്റങ്ങളൊക്കെ ഉണ്ടാകാൻ പോകുന്നുവെന്ന് കേൾക്കുന്നു. അതിൻെറ ഫലമായി അദ്ദേഹത്തിൻെറ ജനാധിപത്യ ബോധം നശിച്ചതാണോയെന്ന് എനിക്ക് അറിയില്ല. ഏതായാലും ഇപ്പോൾ അദ്ദേഹം പറയുന്നത് ഇനി തിരഞ്ഞെടുക്കുന്ന ഗവൺമെൻറ് വന്നിട്ട് ആ ഗവൺമെൻറ് ഈ കാര്യത്തെക്കുറിച്ച് തീരുമാനിച്ചുകൊള്ളട്ടെ എന്നാണ്. അത് ശരിയല്ല. ഈ നിയമത്തിൽ നിലവിലുള്ള കമ്മിറ്റികൾക്ക് തുടരാനുള്ള അധികാരം എടുത്തുകളയുക എന്നു പറയുന്നത് ജനാധിപത്യ വിരുദ്ധമായിട്ടുള്ള ഒരു സമീപനമാണ്. ഇൻഡ്യയിലെ എല്ലാ മുനിസിപ്പൽ നിയമങ്ങളിലും ഉള്ളതുപോലെ ഒരുപക്ഷേ കൃത്യമായി അവസാനിക്കുന്ന തീയതിയിൽത്തന്നെ അടുത്ത തിരഞ്ഞെടുപ്പ് നടത്താനോ പ്രഖ്യാപിക്കാനോ കഴിഞ്ഞില്ലെന്ന് വരും. അത് സ്വാഭാവികമാണ്. എന്നാൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തിലധികമായി തിരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത പ്രത്യേക സാഹചര്യമൊന്നും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. ഈ നിയമസഭയിൽ ഈ കാര്യത്തെക്കുറിച്ച് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയായ ശ്രീ. സുന്ദരത്തിനോട് ചോദിച്ചാൽ അദ്ദേഹം പറയും എല്ലാം യഥാവസരം നടക്കുമെന്ന്. ഇവിടെ ഡീലിമിറ്റേഷൻ നടക്കുന്നു. വോട്ടേഴ്സ് ലിസ്റ്റ് ശരിയാക്കുന്നു. അതുകൊണ്ടാണ് താമസിക്കുന്നത്. അത് ശരിയായിക്കഴിഞ്ഞാലുടനെ നടത്തുമെന്നെല്ലാം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. എങ്കിലും രണ്ടുവർഷക്കാലത്തിലധികമായി ഈ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ വരുന്നതിന് എതിരായ ഒരു നിലപാട് ഈ ഗവൺമെൻറ് സ്വീകരിക്കുകയാണ് ചെയ്തത്. അങ്ങനെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിനും, ഡീലിമിറ്റേഷൻ നടപ്പിലാക്കുന്നതിനും, വോട്ടേഴ്സ് ലിസ്റ്റ് പൂർത്തിയാക്കുന്നതിനും, ആവശ്യമായ എല്ലാ പ്രാരംഭ പ്രവർത്തനങ്ങളും നടത്തുന്നതിനും കേവലം നാലു മാസം മതി. നാലു മാസം കൊണ്ടു ചെയ്യേണ്ട ജോലി കഴിഞ്ഞ രണ്ടു വർഷക്കാലത്തിലധികമായി ചെയ്യാത്ത ഗവൺമെൻറാണ് വീണ്ടും ഇതിന് സമയം വേണമെന്ന് ആവശ്യപ്പെടുന്നത്. ഇതിനുപുറമേ കോർപ്പറേഷൻറെ ഒരു നിയമം വരുന്നുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ നിയമത്തിൽ എന്താണ് പറയുന്നത്? 1981-ലെ സെൻസസ് അനുസരിച്ച് കോർപ്പറേഷനുകളിലെ ജനസംഖ്യ വർദ്ധിച്ചുവെന്ന് 1986-ലാണ് ഗവൺമെൻറ് അറിയുന്നത്. അങ്ങനെ സെൻസസ് അനുസരിച്ച് 1986-ൽ ജനസംഖ്യ വർദ്ധിച്ചുവെന്ന് ഗവൺമെൻറ് അറിഞ്ഞതിൻറെ ഫലമായി അയ്യായിരം ആളുകളിൽക്കൂടുതൽ ഒരു വാർഡിൽ ഉണ്ടാകാൻ പാടില്ലെന്ന് പറഞ്ഞ് ഡീലിമിറേഷൻ ആരംഭിച്ചു. അതുകൊണ്ട് കോർപ്പറേഷനിൽ തിരഞ്ഞെടുപ്പ് നടത്താൻ കഴിയുന്നില്ലായെന്നാണ് അടുത്ത നിയമത്തിൽ പറയുന്നത്. എന്തായാലും ഈ നിയമത്തിൽ അങ്ങനെ പറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മുനിസിപ്പൽ കോർപ്പറേഷനുകളും കോർപ്പറേഷൻ കൗൺസിലുകളും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ജനാധിപത്യപരമായിട്ടുള്ള അവകാശങ്ങളെ എടുത്തുകളയുന്ന ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി പിൻവലിക്കുകയും തിരഞ്ഞെടുപ്പ് ഉടനെ നടത്തുകയും ചെയ്യണം. തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതിന് പറയുന്ന ന്യായങ്ങളൊന്നും ശരിയല്ല. 1984-ൽ ഈ സമിതികളൊക്കെ പിരിച്ചുവിടുന്നതിനുമുൻപ് തന്നെ 1981-ലെ സെൻസസിൻറെ ഫിഗേഴ്സ് കിട്ടിയിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ ചെയ്യാവുന്ന കാര്യങ്ങളേയുള്ളൂ. അങ്ങനെയൊക്കെയുള്ള എല്ലാ പ്രശ്നങ്ങളും ഉണ്ടെങ്കിലും ശരി തിരഞ്ഞെടുക്കപ്പെടുന്ന സമിതികൾ ഇല്ലാത്തതുമൂലം ഇന്ന് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ട്. ഇവിടെ ബി.ഡി.സി. കളില്ല. മുനിസിപ്പൽ കൗൺസിലുകൾ ഇല്ല, കോർപ്പറേഷൻ കൗൺസിലുകൾ ഇല്ല എന്നൊക്കെ പറഞ്ഞു. ആ പ്രദേശങ്ങളിലൊക്കെയുള്ള ലക്ഷക്കണക്കിന് ജനങ്ങളുടെ ന്യായമായ, വികസനപരമായ ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിനും അതിന് തീരുമാനം എടുക്കുന്നതിനും ഉത്തരവാദികളില്ലാത്ത അനാഥമായ ഒരു സാഹചര്യം ഇന്നുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ നിയമം പിൻവലിക്കണം. മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് അടിയന്തിരമായി തിരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: 30-9-1984-ൽ നമ്മുടെ സംസ്ഥാനത്തെ 31 മുനിസിപ്പാലിറ്റികളുടെ കാലാവധി കഴിഞ്ഞു. 1960-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടനുസരിച്ച് ഇതിൻറെ കാലാവധി കഴിഞ്ഞാൽ സംസ്ഥാന ഗവൺമെൻറിന് രണ്ട് ഓപ്ഷനാണുണ്ടായിരുന്നത്. ഒന്നാമത് കാലാവധി കഴിഞ്ഞ് മുനിസിപ്പൽ കൗൺസിലിൻറെ കാലാവധി 8-ാം Section Bi-section 1 അനുസരിച്ച് നീട്ടിക്കൊടുക്കുകയെന്നുള്ളതാണ്. അതല്ലെങ്കിൽ രണ്ടാമതായി 54 (എ) അനുസരിച്ച് ഗവൺമെൻറിന് വേണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ വയ്ക്കാം. ഈ കാലയളവിൽ സംസ്ഥാന ഗവൺമെൻറ് നീട്ടിക്കൊടുക്കുന്നതിനു പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ വച്ചുകൊണ്ട് മുന്നോട്ടു പോകാൻ ശ്രമിച്ചപ്പോൾ മുനിസിപ്പൽ കൗൺസിലർമാർ ഹൈക്കോടതിയിൽ പോകുകയുണ്ടായി. കേരളത്തിലെ ഹൈക്കോടതിയിലെ സിംഗിൾ ബഞ്ച് ഇങ്ങനെ 54 (എ) അനുസരിച്ച് നീട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം അത് പാടില്ലെന്നുള്ള നിലയിൽ ഒരു ജഡ്ജ്മെൻറ് പുറപ്പെടുവിച്ചു. ആ ജഡ്ജ്മെൻറിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ സെക്ഷൻ 8 സബ് സെക്ഷൻ (1)

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച്. ഈ മുനിസിപ്പാലിറ്റികളുടെ കാലാവധി നീട്ടിക്കൊടുക്കുന്നതിന് പകരം ആ ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് ഓവർകം ചെയ്യാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് കൊണ്ടുവന്ന ഒരു ഓർഡിനൻസാണിത്. ഇതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഓരോ മുനിസിപ്പാലിറ്റികളുടേയും, കോർപ്പറേഷനുകളുടേയും കാലാവധി കഴിഞ്ഞാൽ അടുത്ത ഒരു കമ്മിറ്റി തിരഞ്ഞെടുപ്പിലൂടെ ചാർജ് എടുക്കുന്നതുവരെയുള്ള കാലയളവിൽ കോർപ്പറേഷനുകളുടേയും, മുനിസിപ്പാലിറ്റികളുടേയും, അതുപോലെ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയുമെല്ലാം അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കാൻ അധികാരം കൊടുക്കുന്ന ദേഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇത്രയേറെ ജനാധിപത്യ വിരുദ്ധമായ ഒരു നടപടി ഈ ഗവൺമെന്റ് അല്ലാതെ ലോകത്തെ വേറെ ഒരു ഗവൺമെന്റെങ്കിലും സ്വീകരിക്കുമോ? ശ്രീ. പെരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിനു ജനാധിപത്യത്തെക്കുറിച്ച് പറയാൻ എന്താണ് അവകാശം? ജനാധിപത്യമൂല്യങ്ങളേയും ജനാധിപത്യ സ്ഥാപനങ്ങളേയും തകർത്ത ഒരു ഗവൺമെന്റാണിത്. നമ്മുടെ ഈ ജനാധിപത്യ സംവിധാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു അടിസ്ഥാന ഘടകങ്ങൾ. കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി കേരളത്തിലുള്ള എല്ലാ പഞ്ചായത്തുകളും എല്ലാ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും സ്തംഭനാവസ്ഥയിലാണ്. അങ്ങ് ഭരണകക്ഷിയിലായതുകൊണ്ട്

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അങ്ങേയ്ക്ക് അത് ന്യായീകരിക്കാൻ കഴിയുമോ? പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമെല്ലാം ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട്, ഈ നാടിന്റെ വികസനങ്ങൾ നടത്തേണ്ട ആ സ്ഥാപനങ്ങളെ ഒഴിവാക്കി, കൊള്ള നടത്തി ഈ നാടിനെ കുട്ടിച്ചോറാക്കുന്ന ഭരണമായി മുന്നോട്ടു പോകുമ്പോൾ ഈ നാടിനോട് സ്നേഹമുള്ള ആർക്കെങ്കിലും അതിനെ അംഗീകരിക്കാൻ കഴിയുമോ? ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അങ്ങനെ അല്ലെന്ന് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട മാണിയാണ് ഇപ്പോൾ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ജനാധിപത്യ പാർട്ടിയാണ് കേരളാ കോൺഗ്രസ് എന്ന് പറയുന്നു. അങ്ങനെയുള്ള മാണിയോട് ഞാൻ ചോദിക്കുന്നു. ശ്രീ. മാണിക്ക് ഇത് ശരിയല്ലെന്ന് പറയാൻ കഴിയുമോ? കഴിഞ്ഞ രണ്ടര വർഷമായി ഈ സംസ്ഥാനത്തിലെ പഞ്ചായത്തുകളുടേയും, മുനിസിപ്പാലിറ്റികളുടേയും എല്ലാം ഭരണം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊണ്ട് തങ്ങൾ ജനാധിപത്യം സംരക്ഷിക്കുകയാണെന്ന് പറയുന്നത് മര്യാദയാണോ? ഇന്ന് ഈ നാടിന്റെ സ്ഥിതിയെന്താണ്? പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും തിരഞ്ഞെടുക്കപ്പെട്ട സമിതികൾ നിലവിലില്ല. അവിടെയെല്ലാം ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് ജനങ്ങളിൽനിന്നും കരം പിരിച്ച് മുഴുവൻ കൊള്ളയടിക്കുന്ന നിലയിലേക്ക്, ഈ നാടിനെ കുട്ടിച്ചോറാക്കുന്ന നിലയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: കേരളാ കോൺഗ്രസ് സ് ജനാധിപത്യ പാർട്ടിയാണെന്ന് ഡോ. കെ. സി. ജോസഫ് അല്ലാതെ ശ്രീ. കെ. എം. മാണിയാണ് പറഞ്ഞിട്ടുള്ളതെന്ന് അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: കേരളാ കോൺഗ്രസ് ജനാധിപത്യ പാർട്ടിയാണെന്ന് ബഹുമാനപ്പെട്ട ജോസഫ് പറയാറുണ്ട്. ജോസഫ് ഇന്ന് പറയുന്നത് ഞാൻ കേട്ടു. ഈ സംസ്ഥാനത്തല്ലാതെ ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും ഈ സ്ഥിതിയുണ്ടായിട്ടില്ല. ഹൈക്കോടതിയുടെ ജഡ്ജ്മെൻറ് അനുസരിച്ച് ഈ കോർപ്പറേഷനുകളുടെ കാലാവധി കഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റിയെ വയ്ക്കാമായിരുന്നു. അതുപോലും ചെയ്യാതെ ഉദ്യോഗസ്ഥൻമാരെ വച്ചു കൊണ്ട് ഈ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയെല്ലാം നശിപ്പിക്കുന്ന, ജനാധിപത്യത്തെ കൊല ചെയ്യുന്ന ഒരു ഗവൺമെൻറാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്. അങ്ങനെയുള്ള ഗവൺമെൻറ് കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് നിയമത്തിൻെറ ദുർവ്യാഖ്യാനമാണ്. രാജ്യം മുഴുവനും കുട്ടിച്ചോറാക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ഭരണമാണെന്ന് ഇവിടെ പറയുകയുണ്ടായി. ഇതിൻെറ ജനാധിപത്യ വശം മനസ്സിലാകാത്തതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. ഈ രാജ്യത്തിൻെറ മുഴുവൻ ഭരണം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട ഒരു ജനകീയ ഗവൺമെൻറിൻെറ കരങ്ങളിലേക്ക് മുനിസിപ്പാലിറ്റിയുടെ ഭരണം ഏതാനും മാസങ്ങളിലേക്ക് വന്നു പോയാൽ, അവിടെ ഉദ്യോഗസ്ഥ ദുർഭരണമുണ്ടാകുന്നുവെന്ന് പറയുന്ന സിദ്ധാന്തം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം, ഇടക്കാലത്ത് മുനിസിപ്പാലിറ്റിയുടെ ഭരണം ഗവൺമെൻറിൽ നിക്ഷിപ്തമായിയെന്നുള്ളതു മാത്രമേയുള്ളൂ. അതുകൊണ്ട് ഈ തിരഞ്ഞെടുപ്പ് വേണ്ട എന്നുള്ള അഭിപ്രായമില്ല. എത്രയും വേഗം തിരഞ്ഞെടുപ്പിലേക്ക് നമ്മൾ നീങ്ങുകയാണ്. എനിക്ക് അതിൽ എതിർപ്പൊന്നുമില്ല. ഇപ്പോഴും ജനാധിപത്യ ഭരണമാണ് നടക്കുന്നത് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. കാരണം ഭരണം ഗവൺമെൻറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അല്ലാതെ സ്പെഷ്യൽ ഓഫീസറിൽ അല്ല. തിരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറിലാണ് മുനിസിപ്പാലിറ്റിയുടെ ഭരണം നിക്ഷിപ്തമായിരിക്കുന്നത്. കേരളം മുഴുവൻ ഭരിക്കാൻ അവകാശമുള്ള, ചുമതലയുള്ള ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുകയല്ലേ? ഈ നിയമം ശരിയായി നോക്കാത്തതുകൊണ്ടാണ് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഈ രീതിയിലുള്ള ദുർവ്യാഖ്യാനം ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്തണം. തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വരണം. അതിനെപ്പറ്റി യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ നിയമത്തിൻെറ രണ്ടാം വായനയിലേക്ക് കടക്കാം. ഇത് പറഞ്ഞതുകൊണ്ട് തിരഞ്ഞെടുപ്പ് വേണ്ട എന്നർത്ഥമില്ല. തിരഞ്ഞെടുപ്പ് വേണ്ടതാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986—ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പരിഗണനയ്ക്ക് എടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഗവൺമെന്റിന് കാലാവധി എക്സ്റ്റെൻഡ് ചെയ്യാനുള്ള അവകാശമില്ല. അതുകൊണ്ട് വേണ്ടെന്ന് വയ്ക്കുകയാണ്. അത് ഒരു സാങ്കേതികമായ കാര്യമാണ്.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In clause 3 for the words "thirty months" substitute the words "twenty-eight months".

തികഞ്ഞ ജനാധിപത്യ വിശ്വാസിയായ മന്ത്രി ഉടനെ തിരഞ്ഞെടുപ്പ് നടത്താമെന്ന് പറഞ്ഞു. അതുകൊണ്ട് 30 മാസമെന്നുള്ളത് 28 മാസമാക്കി ഉടനെതന്നെ തിരഞ്ഞെടുപ്പ് നടത്തണം. അതിനുള്ള ഒരു ഭേദഗതിയാണ് ഞാൻ ഇവിടെ മൂവ് ചെയ്തിരിക്കുന്നത്. അദ്ദേഹം എന്റെ ഭേദഗതി അക്സെപ്റ്റ് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ കൊണ്ടുവന്ന ഈ അമൻഡ്മെന്റ് സ്വീകരിച്ചാൽ 27 മാസമെന്നു പറയുന്നത് ഡിസംബറിൽ കഴിയും. ഇപ്പോഴത്തന്നെ കാലാവധി കഴിയത്തക്കവണ്ണമുള്ള ഒരു അമൻഡ്മെന്റാണ് രാജേന്ദ്രൻ കൊണ്ടുവന്നിരിക്കുന്നത്. അത് സ്വീകാര്യമല്ല.

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ പറയുന്നത് 28 മാസമെന്നുള്ളതാണ്. അതിനു മുൻപുള്ളതാണ് 27 മാസമെന്നുള്ളത്. അപ്പോഴും ആവശ്യത്തിനുള്ള സമയമുണ്ടെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In clause 3 add the following at the end namely:—"and after the said period of twenty-eight months, the Municipal Councils in the State which were in office on the 30th day of September 1984, shall be revived by a notification published in the Gazette unless election to these Municipalities has not been conducted within that time. മറ്റെ ഭേദഗതി സ്വീകരിക്കാത്തതുകൊണ്ട് അതിനു പ്രസക്തിയില്ലെങ്കിലും, അതിനു ഒരു ആശയം ഞാൻ പറയുന്നത് ഈ നിശ്ചിത കാലാവധിക്കുള്ളിൽ തിരഞ്ഞെടുപ്പ് നടക്കുന്നില്ലെങ്കിൽ പഴയ കമ്മിറ്റിക്ക് തന്നെ ഈ അധികാരം തിരിച്ചു കൊടുക്കണമെന്നുള്ളതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അത് ഈ ബില്ലിന്റെ സ്പിരിറിനു് എതിരായ ഒരു അമൻറ്മെൻറാണ്. ഇതിനു് മറുപടി പറയേണ്ട കാര്യമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

Clause 4

Shri. K. M. Mani (Minister for Law and Irrigation):— Sir, I move that for clause 4, the following clause shall be substituted namely:—

"4. Repeal and saving:—(1) clause (a) of section 3 and section 5 of the Kerala Municipal Laws (Amendment) Ordinance, 1986 (72 of 1986), are hereby repealed. (2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the Principal Act, as amended by the said clause (a) of section 3, or under section 5 of the said Ordinance, shall be deemed to have been done or taken under the Principal Act as amended by this Act or under the corresponding provision of this Act".

അതിൽ പറയുന്നതു് ഓർഡിനൻസു് നമ്പർ (72 ഓഫു് 1986) സബ് ക്ലാസു് (2) 1 റിപ്പീൽ ചെയ്യുന്നമെന്നുള്ളതാണു്.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേഗതി അംഗീകരിക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു. നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു.

"For clause 1, sub-clause (2) substitute the following:—
(2) It shall come into force on the first day of January, 1987"

ഞാൻ കഴിഞ്ഞ ബില്ലിൽ അക്കാര്യം വിശദീകരിച്ചതാണ്. അതു കൊണ്ട് വീണ്ടും വിശദീകരിക്കുന്നില്ല.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ കഴിഞ്ഞ സഭയിൽ അതിനു് മറുപടി പറഞ്ഞു. അത് തന്നെ നിലനിൽക്കും.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1986–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി ബിൽ) പാസ്സാക്കണമെന്ന പ്രമേയം - സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, രണ്ടാമത്തെ ബിൽ ഇപ്പോൾ പാസ്സാക്കിയ ബില്ലിന്റെ അനലോഗസാണ്. ഇത് കോർപ്പറേഷനെ സംബന്ധിച്ചുള്ളതാണ്. 30–9–1984–ൽ തിരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷന്റെ കാലാവധി കഴിഞ്ഞു. അപ്പോൾ രണ്ട് പോംവഴിയേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ടേം നീട്ടിക്കൊടുക്കുക അല്ലെങ്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കുക. ടേം നീട്ടുന്നില്ല എന്ന് തീരുമാനിച്ചു. അപ്പോൾ ഗവൺമെന്റിൽ ആ ചുമതല നിക്ഷിപ്തമായിരിക്കുന്നു എന്നേയുള്ളൂ. അതിനുവേണ്ടിയുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇത് പാസ്സാക്കിത്തരണം. ആ ഓർഡിനൻസിന്റെ റീപ്ലേസിംഗ് ബില്ലാണ് ഇത്.

Shri T. P. Peethambaran Master: Sir, I move that the Kerala Municipal Corporations (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion. ഇവിടെ മന്ത്രി പറഞ്ഞതുപോലെ വളരെ ലഘുവായ ഒരു ഭേദഗതി മാത്രമല്ല ഉള്ളത്. ഇത് കൗൺസിലിന്റെ ഘടനയെ തന്നെ ബാധിക്കുന്ന ഒരു ഭേദഗതിയാണ്. ഇതിൽ സെക്ഷൻ 5–ൽ സബ് ക്ലാസ് (1) (എ) യിൽ ഒരു ക്ലാസ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുന്നുണ്ട്. "The council shall consist of such number of councillors as may be fixed by the Government, by notification in the gazette, in the ratio of one councillor for every seven thousand of the population of the city with an addition of one councillor when the residue of the population is not less than five thousand".

ഏഴായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്ന നിലയ്ക്കുള്ള പ്രാധാന്യം പോരായെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അയ്യായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്നുള്ള വ്യവസ്ഥയിലാണ് കോർപ്പറേഷൻ കൗൺസിലിലേക്ക് ഡീ ലിമിറ്റേഷൻ നടത്തി

LIBRARY ARCHIVES Kerala Legislative Assembly